LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS
of
THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY.

SECOND SESSION.

VOL. II—NO. 6.

Wednesday the 11th August 1948/27th Karkatakam 1123.

The Legislative Assembly met in the Legislative Chamber Trivandrum, at Eleven of the clock on Wednesday the 11th August 1948/27th Karkatakam 1123, the President (the Honourable Mr. A. J. John) in the chair.

QUESTIONS AND ANSWERS.

പയൽസ്മൂഴികം.

180. MR. P. K. KRISHNAN SASTRI (*Meenachil II—Pulaya Reserved*) താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

പിന്നോക്കസമുദായസംരക്ഷകഡിപ്പാർട്ടുമെൻറിന്റെ മേൽനോട്ടത്തിൽ നടത്തിവരുന്ന പയൽസ്മൂഴികം എത്രയെണ്ണം എവിടെയെല്ലാം എന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിന് ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : പയൽസ്മൂഴികളുടെ എണ്ണം പറഞ്ഞാണ്. അവ എവിടെയെല്ലാമാണെന്നുള്ളതിന്റെ * സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

MR. P. K. KRISHNAN SASTRI : ആ സ്ഥലങ്ങളിൽ നിർബന്ധിത വിദ്യാഭ്യാസം നടപ്പിലാക്കുമ്പോൾ ഈ പയൽസ്മൂഴികംകൂടി ഗവണ്മെൻറിലേക്ക് എടുക്കുവാൻ തയാറാകുമോ എന്നറിഞ്ഞാൽ കൊള്ളാം.

HON'BLE MR. G. RAMACHANDRAN : അങ്ങനെ ഗവണ്മെൻറിലേക്ക് എടുക്കുന്നതിന് പ്രതിബന്ധമുണ്ടെന്നു തോന്നുന്നില്ല.

കൃഷിവൈഷമ്യങ്ങൾ.

181. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

* See Appendix. No. 1.

(എ) നെയ്യാറിൻകര താലൂക്കിൽ കോട്ടുകാൽ പകുതിയിൽ കൃഷിക്കു നേരിട്ടിരിക്കുന്ന വൈഷമ്യങ്ങൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിന് ദയവുണ്ടാകുമോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി അംഗീകരിച്ചിട്ടുണ്ടെന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH : (എ) ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) എ-യുടെ ഉത്തരംമൂലം (ബി) ഉദ്ഭവിക്കുന്നില്ല.

മുനിസിപ്പാലിറ്റി കരം.

182. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

മുനിസിപ്പൽ കൌൺസിലുകളിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട പ്രാതിനിധ്യംകുറഞ്ഞ സമുദായങ്ങളുടെ പ്രാതിനിധ്യത്തെ ലക്ഷ്യമാക്കിയാണോ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിന് ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : Yes. It is so.

MR. P. K. KRISHNAN SASTRI : ഏതെങ്കിലും മുനിസിപ്പാലിറ്റിയിൽ പിന്നോക്കസമുദായത്തിൽപ്പെട്ട ആളുകളെ നോമിനേറ്റു ചെയ്തിട്ടുണ്ടോ?

HON'BLE MR. G. RAMACHANDRAN : അതിന് നോട്ടീസു വേണം.

പിന്നോക്കസമുദായകാളനി.

183. MR. P. K. KRISHNAN SASTRI : കൊല്ലം താലൂക്കിൽ നെടുമ്പന പകുതി സർവ്വെ നമ്പർ 8-ാം നമ്പരിൽപ്പെട്ട 30 ഏക്കർ സ്ഥലം പിന്നോക്കസമുദായങ്ങൾക്കു കുടി കാളനിക്കായി തിരിച്ചു തരണമെന്ന അപേക്ഷയും അതിനു ശേഷവും അപേക്ഷിച്ചിട്ടുള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അതിൽ എന്തു നടപടി എടുത്തുവെന്നും പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. G. RAMACHANDRAN : ഉണ്ട്. തൽക്കാലം ഇതുസംബന്ധിച്ചുള്ള നടപടികൾ മാറ്റി വച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly